(എച്ച്) അന്വേഷണ റിപ്പോർട്ട് പരിശോധിച്ച ശേഷം യുക്തമായ തീരുമാനമെടുക്കുന്നതാണ്.

(ഐ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ജെ) നടപടി സ്വീകരിക്കുന്നതാണ്.

ധന്യയുടെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട കേസന്വേഷണം

43 [806] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴക്കാട് ചാമക്കുഴിയിൽ സരോജിനിയുടെ മകൾ ധന്യയുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരണത്തിലെ ദുരൂഹത സംബന്ധിച്ച് നാട്ടുകാരുടെയും ബന്ധുക്കളുടെയും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട കേസന്വേഷണം ഏത് ഏജൻസിയാണ് നടത്തുന്നത് എന്നും കേസന്വേഷണം ഏത് ഘട്ടത്തിലാണ് എന്നും വിശദമാക്കുമോ;

(ഡി) ധന്യയുടെ കുടുംബത്തെ സഹായിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മാതാവ് സരോജിനിയുടെ അപേക്ഷയിൻമേൽ എന്ത് സഹായമാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) ധന്യയുടെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ വാഴക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 56/05 യു/സി അൺനാച്ചറൽ ഡത്ത് കേസ് ക്രൈംബ്രാഞ്ച് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കെ. പി. രവീന്ദ്രന്റെ കുടുംബത്തിന് നഷ്ടപരിഹാരം

44 [807] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 2004 ഏപ്രിൽ 6-ാം തീയതി കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരനായിരിക്കെ കൊലചെയ്യപ്പെട്ട മേപ്പയൂർ നിടുമ്പൊയിൽ കക്കട്ട് സ്വദേശിയായ കെ. പി. രവീന്ദ്രന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് നിവേദനം ലഭിച്ചത്; ഇതിൻമേൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരത്തുക കുടുംബത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജയിലിൽ കൊലചെയ്യപ്പെട്ട രവീന്ദ്രന്റെ ആശ്രിതരിൽ ഒരാൾക്ക് ജോലി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) "ഭരണപരിഷ്കാര വേദി" കോഴിക്കോട് ജില്ലാ കമ്മിറ്റി സെക്രട്ടറി ശ്രീ. കെ. കെ. ജയകുമാറിന്റെ 10-4-2004-ലെ നിവേദനവും കോഴിക്കോട് ഭരണപരിഷ്കാര വേദി സെക്രട്ടറി ശ്രീ. എം. എൻ. സന്തോഷിന്റെ 17-4-2004-ലെ നിവേദനവും മേപ്പയൂർ എം. എൽ. എ. അഡ്വക്കേറ്റ് മത്തായി ചാക്കോയുടെ 10-4-2004-ലെ ഒരു കത്തും ലഭിച്ചിട്ടുണ്ട്. കൂടാതെ ശ്രീ. കെ. പി. രവീന്ദ്രന്റെ മാതാവിന്റെയും ഭാര്യയുടേയും നിവേദനവും ലഭിച്ചിട്ടുണ്ട്. മരണപ്പെട്ട ശ്രീ. കെ. പി. രവീന്ദ്രന്റെ കുടുംബത്തിന് നഷ്ടപരിഹാരമായി 30,000 (മുപ്പതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ വധം സംബന്ധിച്ച കേസന്വേഷണം

45 [808] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ തുരുത്തിപ്പുറം പള്ളി വികാരി ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ വധം സംബന്ധിച്ച കേസന്വേഷണം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) ഈ കേസന്വേഷണം സി. ബി. ഐ. ക്ക് കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണം (ക്രൈം നമ്പർ 358/സ്പി.ആർ./04) നടത്തിവരുന്നു. കുറ്റകൃത്യം നടത്തിയ രഘുകുമാർ എന്നയാളെ 7-9-2004-ന് അറസ്റ്റ് ചെയ്തു. രഘുകുമാറിനെ കൂടാതെ വേറെ കുറ്റവാളികളും ഉണ്ടോ എന്നറിയുന്നതിനായി ബാംഗ്ലൂർ എഫ്.എസ്.എൽ.-ൽ ബ്ലഡ് സ്റ്റെയിൻ മാപ്പിങ്, പോളിഗ്രാഫ് ടെസ്റ്റ്, നർക്കോ അനാലിസിസ് പരിശോധനകളും നടത്തിയിട്ടുണ്ട്. അവയുടെ റിസൾട്ട് കിട്ടുന്ന മുറയ്ക്ക് കേസിന്റെ അന്വേഷണം പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly